**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **15-03-2022 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം-നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭം മൂലം കൃഷി നാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിലവിൽ കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS മുഖേനയാണ് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതും സഹായധനം അനുവദിക്കുന്നതും. ഇതിനായി പ്രകൃതിക്ഷോഭം മൂലം കൃഷി നാശമുണ്ടായ കർഷകർ 10 ദിവസത്തിനുള്ളിൽ ഓൺലൈനായി പോർട്ടലിൽ അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ പരിശോധനകൾക്കും അംഗീകാരത്തിനും ശേഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനത്തിലൂടെ നഷ്ടപരിഹാരത്തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനാൽ കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു. |
| (ബി) | മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ സെൽവകുമാർ നഷ്ടപരിഹാരത്തിനായി സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ടിയാന് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രീ. സെൽവകുമാർ നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിൻ പ്രകാരം ടിയാന് SDRF വിഹിതമായി 4,660/- രൂപയും സംസ്ഥാന വിഹിതമായി 81,640/- രൂപയും ഉൾപ്പെടെ 86,300/- രൂപയാണ് സഹായധനമായി ശുപാർശ ചെയ്തിട്ടുള്ളത്. ആയതിൽ SDRF വിഹിതമായ 4,660/- (നാലായിരത്തി അറുന്നൂറ്റി അറുപത്) രൂപ ടിയാന്റെ അക്കൗണ്ടിലേക്ക് DBT മുഖേന ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന വിഹിതം 81,640/- രൂപയും വിള ഇൻഷറൻസ് പദ്ധതി പ്രകാരം നൽകുവാൻ ശുപാർശ ചെയ്ത 2,58,900/- രൂപയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ